

*നീരറ്റകുടമൊക്കത്തും നീർക്കുടം നീണ്ടകണ്ണിലും*
*നിന്നുപോ,ലീവിധം നിന്റെ നിത്യാരാധിക രാധിക*
*.... ബ്രഹ്മരാഗം -യൂസഫലി കേച്ചേരി*

# ഗീതഗോവിന്ദം

## *സ്നിഗ്ദ്ധമധുസൂദനം എന്ന നാലാം സർഗ്ഗം*

പന്ത്രണ്ടാം ക്ലാസിലെ **തവ വിരഹേ** എന്ന പ്രഥമപാഠഭാഗത്തിൽ
ഉദ്ധരിക്കപ്പെട്ട പദങ്ങളുടെ വിവർത്തനം

വിവർത്തനം -ഹരിപ്രസാദ്,വി.ടി.കടമ്പൂര്

ആവാസോ വിപിനായതേ പ്രിയസഖീമാലാപി ജാലായതേ
താപോ നിഃശ്വസിതേന ദാവദഹനജ്വാലാകലാപായതേ
സാപി ത്വദ്വിരഹേണ ഹന്ത! ഹരിണീരൂപായതേ ഹാ കഥം!
കന്ദർപ്പോപി യമായതേ വിരചയൻ ശാർദ്ദൂലവിക്രീഡിതം

*കാടായ് വാസഗൃഹം, കുരുക്കുവലയായ് തീർന്നേൻ സഖീവൃന്ദവും*
*താപത്താൽ നെടുവീർപ്പ് കാട്ടിലുളവാം തീജ്വാലയായ്ത്തീർന്നിതേ*
*ഹാ ഹാ! നിൻ വിരഹേണ രാധയവളും മാൻപേടയായ്, കഷ്ടമേ!*
*ചെയ്യുന്നൂ സ്മരനും യമന്നുസമമായ് ശാർദ്ദൂലവിക്രീഡിതം..!*

സ്തനവിനിഹിതമപി ഹാരമുദാരം
സാ മനുതേ കൃശതനുരതിഭാരം
രാധികാ തവ വിരഹേ കേശവ!

*മുലയിൽചാർത്തിയമുത്തണിമാല*
*കൃശതനുവാമവൾ നിൻ വിരഹത്താൽ*
*ഭാരമെഴുന്നതു പോലെ നിനപ്പൂ ,രാധികാ ...ഹേ കേശവ!   (1)*

സരസമസൃണമപി മലയജപങ്കം
പശ്യതി വിഷമിവ വപുഷി സശങ്കം
രാധികാ തവ വിരഹേ കേശവ!

*കോമളശീതളചന്ദനലേപം*
*വപുസിലണിഞ്ഞതു നിൻവിരഹത്താൽ*
*വിഷമാണെന്നവൾ ശങ്കിക്കുന്നു, രാധികാ...ഹേ കേശവ!  (2)*

ശ്വസിതപവനമനുപമപരിണാഹം
മദനദഹനമിവ വഹതി സദാഹം
രാധികാ തവ വിരഹേ കേശവ!

*കാമാനലനെപ്പോ,ലതിതീക്ഷ്ണം*
*ചുട്ടനെടുവീർപ്പുകൾ നിൻവിരഹത്താൽ*
*ദാഹത്തോടെ വഹിച്ചീടുന്നു, രാധികാ..ഹേ കേശവ!  (3)*

ദിശി ദിശി കിരതി സജലകണജാലം
നയനനളിനമിവ വിഗളിതനാളം
രാധികാ തവ വിരഹേ കേശവ!

*തണ്ടറ്റൊരുതാമരപോൽ കണ്ണാൽ*
*ദിക്കുകൾ തോറും നിൻ വിരഹത്താൽ*
*ബാഷ്പകണങ്ങൾ പൊഴിച്ചീടുന്നു, രാധികാ...ഹേ കേശവ! (4)*

നയനവിഷയമപി കിസലയതല്പം
കലയതി വിഹിതഹുതാശവികല്പം
രാധികാ തവ വിരഹേ കേശവ!

*മുന്നിൽ കാണുകയാണെന്നാലും*
*തളിർമെത്തയെയും നിൻ വിരഹത്താൽ*
*ചെന്തീയെന്നിഹ ശങ്കിക്കുന്നു രാധികാ...ഹേ കേശവ!      (5)*

ത്യജതി ന പാണിതലേന കപോലം
ബാലശശിനമിവ സായമലോലം
രാധികാ തവ വിരഹേ കേശവ!

*ചന്ദ്രക്കലയെ സായാഹ്നംപോൽ*
*വിട്ടുവിച്ചീലാ നിൻ വിരഹത്താൽ*
*കൈയ്യാൽതാങ്ങിയ ലോലകപോലം,  രാധികാ...ഹേ കേശവ!(6)*

ഹരിരിതി ഹരിരിതി ജപതി സകാമം
വിരഹവിഹിതമരണേവ നികാമം
രാധികാ തവ വിരഹേ കേശവ!

*മരണമടുത്തവളേപ്പോൽ പതിവായ്*
*ഹരിഹരി-യെന്നിഹ നിൻ വിരഹത്താൽ*
*കാമത്തോടെ ജപിച്ചീടു,ന്നവൾ  രാധികാ...ഹേ കേശവ!(7)*

ശ്രീജയദേവഭണിതമിതി ഗീതം
സുഖയതു കേശവപദമുപനീതം

*ശ്രീജയദേവകൃതം - ഈ ഗീതം*
*സുഖമേകട്ടേ കേൾക്കുന്നോർക്കായ്*
*തത്പദമണയുന്നോർക്ക് നികാമം*
***ഹരിപ്രസാദ**വുമേകീടട്ടേ..!!* *(8)*

'''''    ''''''''    ''''''''

# ദേവഗീത

ഗീതഗോവിന്ദം വിവർത്തനം

വിവർത്തകൻ -ചങ്ങമ്പുഴ കൃഷ്ണപ്പിള്ള (1945)

(പന്ത്രണ്ടാം ക്ലാസിലെ **തവ വിരഹേ** എന്ന പാഠഭാഗത്തിലെ ഗീതഗോവിന്ദ പദ്യങ്ങളുടെ വിവർത്തനം ചങ്ങമ്പുഴയുടെ ദേവഗീതയിൽ നിന്നും ഉദ്ധരിച്ചത്)

**-ശ്ലോകം-**

ആവാസം വിപിനം, സഖീകുലമഹോ,
ജാലം, സനിശ്വാസമുൾ-
ത്താവും താപമവൾക്കു ദാവദഹന-
ജ്വാലാകലാപോപമം.
പാവം മത്സഖിപേടമാൻ വടിവിലാ-
ണാഹന്ത, കന്ദർപ്പനോ
ഭാവിച്ചന്തകതുല്യ, മാർന്നിടുകയാം
ശാർദ്ദൂലവിക്രീഡിതം!

1

ഹാ, കേശവ, നിൻവിയോഗം-രാധ-
യ്ക്കേകുന്നു ശോകജോദ്വേഗം.
മാലേറ്റമുള്ളിൽ ജ്വലിച്ചു-കഷ്ടം
ലോലാംഗി തീരെച്ചടച്ചു.
മാറണിമഞ്ജുളഹാരം-പോലും
മാനിനിക്കിന്നുഗ്രഭാരം.

2

നല്ല പനിനീരിൽമുക്കി-ത്തു്ളമെയ്-
വല്ലിയിങ്കൽ, സ്നിഗ്ദ്ധമാക്കി,
പൂശുന്ന മാലേയപങ്കം-വിഷാ-
വേശമെന്നോർപ്പൂ സശങ്കം.
ഹാ, കേശവ, നിൻവിയോഗം-രാധ-
യ്ക്കേകുന്നു ശോകജോദ്വേഗം.

3

കഷ്ട,മസഹ്യമായ് പാരം-മനം
ചുട്ടെഴും നിശ്വാസപൂരം,
ഉദ്വഹിപ്പൂ മനസ്സാലേ-തന്വി-
യുഗകാമാഗ്നിയെപ്പോലേ.
ഹാ, കേശവ, നിൻവിയോഗം-രാധ-
യ്ക്കേകുന്നു ശോകജോദ്വേഗം.

4

ജാതജലകണജാലം-സ്വയം
വീതനാളം ദൃക്കമലം,
ക്ഷേപണംചെയ്‌വൂ സതതം-ചുറ്റും
വേപവിക്ഷോഭസമേതം.
ഹാ, കേശവ, നിൻവിയോഗം-രാധ-
യ്ക്കേകുന്ന ശോകജോദ്വേഗം.

5

തത്ത്വവിവേകപ്രഭാവം-ഹൃത്തി-
ലസ്തമിക്കായ്കിലും, പാവം,
ചിന്തിപ്പൂ പല്ലവതല്പം-കനൽ
ചിന്തും യുഗാനലകല്പം.
ഹാ, കേശവ, നിൻവിയോഗം-രാധ-
യ്ക്കേകുന്ന ശോകജോദ്വേഗം.

6

അമ്പിളിത്തെല്ലിനെച്ചാലേ-മിന്നു-
മന്തിമസന്ധ്യയെപ്പോലേ,
ഹസ്തവിന്യസ്തമലോലം-സാധ്വി
വിത്യജിപ്പീലക്കപോലം.
ഹാ, കേശവ, നിൻവിയോഗം-രാധ-
യ്ക്കേകുന്ന ശോകജോദ്വേഗം.

7

തപ്തവിരഹത്തിനാലേ-കഷ്ടം
മൃത്യു സമീപിച്ചപോലേ,
ഉത്തേജിതോൽക്കടകാമം-അവ-
ളുച്ചരിപ്പൂ ഹരിനാമം.
ഹാ, കേശവ, നിൻവിയോഗം-രാധ-
യ്ക്കേകുന്ന ശോകജോദ്വേഗം.

8

ദേവേശപാദോപനീതം-ജയ-
ദേവഭണിതമീ ഗീതം;
ശോകഹരം, പരിപൂതം-നിങ്ങൾ-
ക്കേകട്ടെ നിത്യമാമോദം!
യാതൊരു ദേവേശപാദം-പുൽകി-
പ്പൂതമാകുന്നിതിഗ്ഗീതം,
അക്കേശവൻ തൻ  വിയോഗം രാധ-
യ്ക്കർപ്പിപ്പൂ ശോകജോദ്വേഗം!

*സമ്പാദനം* ***-ഹരിപ്രസാദ്, വി. ടി. കടമ്പൂര്***